എച്ച്.വി.(1)22983/2014

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, 21.1.2016

**<u>സർക്കുലർ നമ്പർ. 2./2016</u>**

വിഷയം. സഹകരണവകുപ്പ്-ആഡിറ്റ് - ഭവന നിർമ്മാണ- ദീർഘകാല കാർഷിക വായ്പാ സംഘങ്ങളുടെ ആഡിറ്റ് - കുടിശ്ശിക വായ്പാ, പലിശ എന്നിവയ്ക്ക് ആഡിറ്റിൽ കരുതൽ വയ്ക്കുന്നത് - മാനദണ്ഡങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന. 1. സഹകരണ ആഡിറ്റ് മാനുവലിലെ അനുബന്ധം 2 ലെ സംശയാസ്പദവും കിട്ടാക്കടവുമായ മുതലുകൾ തരംതിരിവുകൾ.
2. രജിസ്ട്രാറുടെ 10.12.2007 ലെ 40/2007 നം.സർക്കുലർ
3. സഹകരണ ആഡിറ്റ് ഡയറക്ടറുടെ 19.9.2014 ലെ എ.ഡി(1)1769/2014 നം.കത്ത്.

.....

പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ എന്നിവയിലെ സംശയാസ്പദവും കിട്ടാക്കടവുമായ വായ്പകളുടെ കുടിശ്ശികയുടെ കാലയളവ്, ജാമ്യത്തിന്റെ സ്വഭാവം എന്നിവ കണക്കിലെടുത്ത് ആഡിറ്റിൽ കരുതലുകൾ വയ്ക്കേണ്ടത് സ്ഥാപനങ്ങളുടെ സാമ്പത്തിക ഭദ്രത, വിശ്വാസ്യത അന്തസ്സ് എന്നിവ ഉറപ്പ് വരുത്തുന്നതിന് അത്യന്താപേക്ഷിതമാണെന്ന് റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സൂചന (2) പ്രകാരം സംശയാസ്പദം/ കിട്ടാക്കടം എന്നിവയ്ക്ക് ആഡിറ്റിൽ കരുതൽ വയ്ക്കുന്നതിന് മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിച്ചിരുന്നു. എന്നാൽ ടി സർക്കുലറിലെ വ്യവസ്ഥകൾ ദീർഘകാല ഭവന/കാർഷിക വായ്പ നൽകുന്ന സംഘങ്ങൾക്ക് പ്രായോഗികമല്ല എന്നും, ടി സർക്കുലർ വ്യവസ്ഥകൾ പ്രകാരം കരുതൽ വയ്ക്കുന്നത് ടി സംഘങ്ങളുടെ നഷ്ടം വർദ്ധിക്കുന്നതിന് കാരണമാകുന്നു എന്നും ബന്ധപ്പെട്ടവരിൽ നിന്നും പരാതി ലഭിക്കുകയും ആയത് ബോദ്ധ്യപ്പെടുകയും ചെയ്ത സാഹചര്യത്തിൽ ഭൂമി, അതിൽ നിർമ്മിക്കുന്ന ഭവനം എന്നിവ ഈടായി സ്വീകരിച്ചുകൊണ്ട് നൽകുന്ന ദീർഘകാല ഭവന വായ്പയുടെയും ദീർഘകാല കാർഷിക വായ്പയുടെയും കുടിശ്ശികയ്ക്ക് കരുതൽ മാനദണ്ഡങ്ങൾ സഹകരണ ആഡിറ്റ് ഡയറക്ടറുടെ സൂചന (3) ശുപാർശയുടെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കും പ്രകാരം നിശ്ചയിച്ചിരിക്കുന്നു.

**I. <u>15 വർഷ കാലാവധിയ്ക്കുള്ള ദീർഘകാല ഭവനവായ്പ/ദീർഘകാല കാർഷിക വായ്പ</u>**

1. ആദ്യത്തെ മൂന്ന് വർഷം വരെ തവണ കുടിശ്ശികയ്ക്ക് - കരുതൽ വയ്ക്കേണ്ടതില്ല
2. തുടർന്നുള്ള 5 വർഷം കുടിശ്ശികയ്ക്ക്
(3-ാം വർഷം മുതൽ 8-ാം വർഷം വരെ) - 30%
3. തുടർന്നുള്ള 7 വർഷം
(8-ാം വർഷം മുതൽ 15-ാം വർഷം വരെ) - 50%
4. 15 വർഷത്തിന് ശേഷം (കാലാവധി കഴിഞ്ഞതിന് ശേഷം) - 100%

## II. കുടിശ്ശിക പലിശയ്ക്ക് 100 % കരുതൽ വയ്ക്കേണ്ടതാണ്.

മേൽ നിർദ്ദേശ പ്രകാരമുള്ള തരംതിരിവിന്റെ അടിസ്ഥാനത്തിൽ വിശദമായ സ്റ്റേറ്റ്മെന്റുകൾ വായ്പകളിന്മേൽ തയ്യാറാക്കി കരുതൽ വയ്ക്കുന്നതിലേക്ക് ആഡിറ്റർമാർക്ക് സ്ഥാപനം നൽകേണ്ടതാണ്.

2015–16 വർഷം മുതലുള്ള ആഡിറ്റുകൾക്ക് മേൽ മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചുകൊണ്ടായിരിക്കണം റിപ്പോർട്ടുകൾ തയ്യാറാക്കേണ്ടത്. ആഡിറ്റ് റിപ്പോർട്ടുകൾ അംഗീകരിക്കുന്ന ഉദ്യോഗസ്ഥൻ ഈ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

ഒപ്പ്,
**എസ്. ലളിതാംബിക .ഐ.എ.എസ്,**
സഹകരണസംഘം രജിസ്ട്രാർ.

1. സഹകരണ ആഡിറ്റ് ഡയറക്ടർ
2. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ/ആഡിറ്റ്)
3. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ/ആഡിറ്റ്)
4. എല്ലാ പ്രാഥമിക സഹകരണ വായ്പ സംഘങ്ങൾ
5. കേരള സംസ്ഥാന ഹൗസിംഗ് ഫെഡറേഷൻ
6. സഹകരണ വീഥി – പ്രസിദ്ധീകരണത്തിന്
7. സഹകരണ ജേർണൽ – പ്രസിദ്ധീകരണത്തിന്
8. ഈ ആഫീസിലെ എല്ലാ സെക്ഷൻ തലവന്മാർക്കും
9. ജനറൽ സെക്ഷൻ, രജിസ്ട്രാർ ആഫീസ്
10. സഹകരണ സംഘം രജിസ്ട്രാറുടെ/അഡീഷണൽ രജിസ്ട്രാർമാരുടെ മേശപ്പുറത്ത്
11. സ്റ്റോക്ക് ഫയൽ

വി.എം.